# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **12-09-2023 - ൽ മറുപടിയ്ക്ക്**

## കിക്കോഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഫുട്ബാൾ രംഗത്ത് സമർത്ഥരായവരെ കണ്ടെത്തി പരിശീലിപ്പിക്കുന്ന കിക്കോഫ് പദ്ധതി ഏതൊക്കെ ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | ഫുട്ബോൾ രംഗത്ത് സമർത്ഥരായവരെ കണ്ടെത്തി പരിശീലനം നൽകുന്ന കിക്കോഫ് പദ്ധതി സംസ്ഥാനത്തെ പതിനാല് ജില്ലകളിലും നടപ്പിലാക്കിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതി നിർത്തിവെക്കുകയുണ്ടായി. ഫുട്ബോൾ പരിശീലനം നൽകുന്നതിന് ഗോൾ എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്പോർട്ട്സ് ഹോസ്റ്റലുകളിലെ പ്രവേശനം സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സ്പോർട്സ് ഹോസ്റ്റലുകളിലെ പ്രവേശനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ഓരോ കായിക ഇനത്തിന്റെയും വിദഗ്ധർ തയ്യാറാക്കിയ മാനദണ്ഡങ്ങൾ പ്രകാരം കായിക താരങ്ങൾക്ക് ആദ്യം ജില്ലാ അടിസ്ഥാനത്തിൽ സെലക്ഷൻ ട്രയൽസ് നടത്തുകയും അതിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സോണൽ തലത്തിൽ അന്തിമ സെലക്ഷൻ നടത്തി കഴിവുള്ള കുട്ടികളെ കണ്ടെത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലേക്ക് പ്രവേശനം നൽകി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ